ലഭിക്കുന്നതുമാണ്. ഈ നിയമനത്തിനുള്ള ശമ്പളം കേരളാ സർവ്വീസ് ചട്ടം പാർട്ട് III റൂൾ 100 പ്രകാരം ഉള്ളതാണ്. ചുമതലകൾ നിർവ്വഹിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി വച്ചിട്ടുണ്ട്.†

(എഫ്) ഭരണ നവീകരണ പരിപാടി (എം.ജി.പി.) യുടെ ഭാഗമായി തസ്തികകൾ കുറയ്ക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. റിട്ടയർ ചെയ്യുന്നവരെ പുനർനിയമിക്കുക എന്നത് സർക്കാർ നയമല്ല. എന്നാൽ ചില മേഖലകളിൽ ഭരണപരമായ സൗകര്യം മുൻനിർത്തി അത്യാവശ്യഘട്ടങ്ങളിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ സേവനം സർക്കാർ ലഭ്യമാക്കാറുണ്ട്.

പുനർ നിയമനം തടയാൻ നടപടി

6 [3699] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ഗവൺമെന്റ് സർവ്വീസിൽ നിന്ന് വിരമിച്ചവരെ വീണ്ടും നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ നിയമിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഇവർ സർക്കാരിൽ നിന്ന് രണ്ട് ആനുകൂല്യം പറ്റുന്നുണ്ട് എന്ന കാര്യം സർക്കാരിന് അറിയുമോ;

(ഡി) അനുദിനം, വിദ്യാസമ്പന്നരും തൊഴിൽ രഹിതരും വർദ്ധിച്ചു വരുന്ന സംസ്ഥാനത്ത് ഇങ്ങനെയുള്ള നിയമനം തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം

7 [3700] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

ഓരോ ഡിപ്പാർട്ടുമെന്റിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്ര വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ ഡിപ്പാർട്ടുമെന്റ് തിരിച്ചുള്ള സ്ഥിതി വിവരക്കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly